17973
16/8/17



**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല, തലശ്ശേരി താലൂക്ക്, നരിയാലപ്പറമ്പ് സ്വദേശിനി ശ്രീമതി. ശശിലതയ്ക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ. (ആർ.റ്റി) നമ്പർ. 3575/2017/റവ.** **തിരുവനന്തപുരം, തീയതി : 11.08.2017**

**ഉത്തരവ്**

ജന്മനാ തന്നെ പൂർണ്ണ വികലാംഗയായ, ഇരുകൈകളും ഇല്ലാത്ത, കണ്ണൂർ ജില്ലയിലെ പടന്നക്കര, നരിയാലപ്പറമ്പത്ത് വീട്ടിൽ ശ്രീമതി. ശശിലതയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും **3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം)** ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന **3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തലശ്ശേരി തഹസിൽദാർക്ക് നൽകേണ്ടതും, പ്രതിമാസം നിശ്ചിത തുക പലിശ ഇനത്തിൽ ലഭിക്കുന്നതിനായി പ്രസ്തുത 3,00,000/- രൂപ അപേക്ഷകയ്ക്ക് സൗകര്യപ്രദമായ സ്ഥലത്തെ സഹകരണ ബാങ്കിലോ, പൊതുമേഖലാ ബാങ്കിലോ അഞ്ചു വർഷം കാലയളവ് വീതം സ്ഥിരം നിക്ഷേപം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് തഹസിൽദാർ വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.ടി.കെ**
**ഡെപ്യൂട്ടി സെക്രട്ടറി**

ജില്ലാ കളക്ടർ, കണ്ണൂർ
തഹസിൽദാർ, തലശ്ശേരി
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ.